"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾ പാലിക്കാതെ മിസലേനിയസ് രസീതുബുക്കുകൾ അച്ചടിച്ചുപയോഗിച്ച കോഴിക്കോട് വിദ്യാഭ്യാസ ഉപഡയക്ടറുടെ നടപടിക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1438/2023/GEDN തീയതി,തിരുവനന്തപുരം, 22-02-2023

---

പരാമർശം:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/11/2013-ലെ എ.ഡബ്ല്യു (ബ5)/78784/12 നമ്പർ കത്ത്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11/05/2017-ലെ എ.ഡബ്ല്യു (സി2)-55027/2016/ഡിപിഐ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/02/2022-ലെ എ.ഡബ്ല്യു (സി4)/20581/2020/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

അക്കൗണ്ടന്റ് ജനറൽ 01/04/2009 മുതൽ 30/06/2011 വരെയുള്ള കാലയളവിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നടത്തിയ ഓഡിറ്റിംഗിൽ, പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 20 മിസലേനിയസ് രസീത് ബുക്കുകൾ ഡ്യൂപ്ലിക്കേറ്റില്ലാതെ സൂക്ഷിക്കുകയും തുക കൈപ്പറ്റുന്നതിനായി ജീവനക്കാർക്ക് നൽകുകയും ചെയ്തതായി കണ്ടെത്തിയിരുന്നതായും കേരള ഫിനാൻഷ്യൽ കോഡിൽ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായല്ല പ്രസ്തുത രസീത് ബുക്കുകൾ അച്ചടിച്ചതെന്നും റിപ്പോർട്ടുചെയ്തുകൊണ്ട് പ്രത്യേകാനുമതിയില്ലാതെയും കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ പാലിക്കാതെയും രസീതുബുക്കുകൾ അച്ചടിച്ചുപയോഗിച്ച നടപടി സാധൂകരിക്കണമെന്ന കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ അപേക്ഷ ആവശ്യമായ നടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) കത്ത് പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. അത്‌ലറ്റിക് ഫണ്ട് കണക്ഷൻ, ശമ്പളത്തിൽ നിന്നും പ്രൊഫഷണൽ ടാക്സ് അടയ്ക്കാത്തവരിൽ നിന്നുള്ള പിരിവ് എന്നിവയുടെ അക്കൗണ്ടിംഗ് സുഗമമാക്കുന്നതിനാണ് രസീത് ബുക്കുകൾ അച്ചടിക്കാനിടയായതെന്നും ഇത്തരം രസീതു ബുക്കുകൾ പ്രകാരം ലഭിക്കുന്ന പണം നിക്ഷേപിക്കുന്നതിനുവേണ്ടി എസ്.ബി.ഐ-യിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെന്നും ഇത്തരം രസീതുബുക്കുകൾ ഇനിമേലിൽ ഉപയോഗിക്കരുതെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തുകൊണ്ട് കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾ പാലിക്കാതെ രസീതുബുക്കുകൾ അച്ചടിച്ചുപയോഗിച്ച വിദ്യാഭ്യാസ ഉപഡയക്ടറുടെ നടപടി മാപ്പാക്കി സാധൂകരണം നൽകണമെന്ന് പരാമർശം (2), (3) കത്തുകൾ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫിനാൻഷ്യൽ കോഡിൽ നിർദ്ദേശിക്കുന്ന നിബന്ധനകൾക്ക് വിധേയമായല്ലാതെ മേലിൽ മിസലേനിയസ് രസീതുകൾ അച്ചടിച്ചുപയോഗിക്കാൻ പാടില്ല എന്ന നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ വകുപ്പിന് കിഴിലുള്ള എല്ലാ ഓഫീസുകൾക്കും നല്കണമെന്നതിന് വിധേയമായി, കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾ പാലിക്കാതെ രസീതുബുക്കുകൾ അച്ചടിച്ചുപയോഗിച്ച കോഴിക്കോട് വിദ്യാഭ്യാസ ഉപഡയക്ടറുടെ നടപടി മാപ്പാക്കി സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DILEEP.S.M
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (14.12.2022-ലെ 2248383/EDN-A1/243/2022-FIN പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി3/188/2022/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

muralipanamanna